# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*



No. 252/PR/PIC/PHQ/18 Date : 04.10.2016

## വ്യാജ വാട്ട്സാപ്പ് അക്കൗണ്ടിലൂടെ നഗ്നചിത്രങ്ങൾ പ്രചരിപ്പിച്ച് പണം തട്ടിയ മലപ്പുറം സ്വദേശി പിടിയിൽ

സാമ്പത്തിക ബാധ്യത തീർക്കുന്നതിനായി ആധുനിക സോഫ്റ്റ് വെയർ ഉപയോഗിച്ച് വാട്സ് ആപ്പ് അക്കൗണ്ട് തയ്യാറാക്കി പെൺകുട്ടികളുടെ നഗ്നഫോട്ടോകൾ പ്രചരിപ്പിച്ച് ഭീഷണിപ്പെടുത്തി പണവും സ്വർണ്ണാഭരണങ്ങളും തട്ടിയെടുത്തയാളെ തിരുവനന്തപുരം സൈബർ ക്രൈം പോലീസ് മലപ്പുറത്തുനിന്ന് അറസ്റ്റ് ചെയ്തു.പ്രതിയെ കോടതി റിമാന്റ് ചെയ്തു.

കമ്പ്യൂട്ടർ വിദഗ്ധനും മൊബൈൽ ആൻഡ്രോയ്ഡ് ആപ്ലിക്കേഷൻ പ്രാവീണ്യമുള്ള സോഫ്റ്റ്വെയർ എൻജിനീയർ ബിരുദധാരിയുമായ മലപ്പുറം ജില്ലയിൽ പൊൻമള വില്ലേജിൽ ചാപ്പ നങ്ങാടി വെളുത്തകുന്നത്തു ഹൗസിൽ മുഹമ്മദ് മകൻ മുഹമ്മദ് സാനിഫിനെയാണ് തിരുവനന്ത പുരം സൈബർ ക്രൈം പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ ഒരു സ്വകാര്യ കമ്പ്യൂട്ടർ സ്ഥാപന ത്തിലെ അധ്യാപകനായിരുന്നു. ഇയാളുടെ അദ്ധ്യാപനരീതിയിലും വ്യക്തിത്വത്തിലും ആകൃഷ്ടരാ കുന്ന പെൺകുട്ടികളാണ് ഇരകളായത്. പ്ലേസ്റ്റോറിൽ ലഭ്യമായ സോഫ്റ്റ്വെയറുകളും ഐ പി മേൽവിലാസം മറച്ചുവയ്ക്കുന്ന ആപ്ലിക്കേഷനുകളും വ്യാജ ഇ മെയിൽ വിലാസങ്ങളുമാണ് പ്രതി കൃത്യത്തിനായി ഉപയോഗിച്ചത്.

വിവാഹിതനായ പ്രതി അക്കാര്യം മറച്ചുവച്ചാണ് പെൺകുട്ടികളുമായി സ്നേഹം നടിച്ച് വിവാഹ വാഗ്ദാനം നൽകി സംസ്ഥാനത്തും പുറത്തുമുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിലെത്തിച്ച് പീഡി പ്പിച്ചത്. സ്വകാര്യരംഗങ്ങൾ രഹസ്യമായി ചിത്രീകരിച്ച് ഇന്റർനെറ്റ് ഓൺലൈനിൽ സൂക്ഷിച്ച ശേഷം പെൺകുട്ടികളുമായി വഴക്കിട്ട് പിരിയുകയും തുടർന്ന് വിവാഹിതരാകുന്ന പെൺകുട്ടി കളെ ചിത്രങ്ങളുടെ കാര്യം പറഞ്ഞ് ഭീഷണിപ്പെടുത്തി പണം വാങ്ങുകയുമാണ് ചെയ്യുന്നത്. തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നട ത്തിയ കേസിൽ പഠനകാലത്ത് പ്രതിയുമായി സ്നേഹത്തിലായിരുന്ന യുവതിയുടെ വിവാഹം ഉറപ്പിച്ചതോടെ വിദേശത്തായിരുന്ന പ്രതി ഇന്റർനെറ്റിൽ സൂക്ഷിച്ചിരുന്ന സ്വകാര്യ ചിത്രങ്ങൾ മറ്റൊരു വ്യക്തി ഹാക്ക് ചെയ്ത് എടുത്തുവെന്ന് പറഞ്ഞ് പെൺകുട്ടിയെ സമീപിക്കുകയായിരുന്നു. ആ വ്യക്തി ഭീഷണിപ്പെടുത്തി പണം ആവശ്യപ്പെട്ടുവെന്ന് പെൺകുട്ടിയെ ധരിപ്പിച്ചു. തുടർന്ന് വ്യാജ വാട്സ് ആപ്പ് അക്കൗണ്ട് മുഖേന പെൺകുട്ടിയുടെയും കുടുംബാംഗങ്ങളുടേയും വാട്സ് ആപ് നമ്പരി

ലേയ്ക്ക് ഭീഷണി സന്ദേശങ്ങളും കുട്ടിയുടെ നഗ്ന ചിത്രങ്ങളും അയച്ചുകൊടുത്ത് ഏഴ് ലക്ഷം രൂപ ആവശ്യപ്പെട്ടു. താൻ പകുതിപണം നൽകിയെന്നും ബാക്കി പണം യുവതി നൽകണമെന്നും പറഞ്ഞ് വിശ്വസിപ്പിച്ച് വിദേശത്തുള്ള സുഹൃത്തുകളുടെ നാട്ടിലെ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് പണം നിക്ഷേപിപ്പിക്കുകയാണ് പ്രതി ചെയ്തത്.

പ്രതിയുടെ രണ്ടുമാസത്തെ ഇന്റർനെറ്റ് ഉപയോഗവിവരങ്ങൾ അപഗ്രഥിച്ചാണ് സൈബർ ക്രൈം പോലീസ് പ്രതിയെ കണ്ടെത്തിയത്. കമ്പ്യൂട്ടർ വിദഗ്ധനായ പ്രതി ഉപയോഗിച്ച ഐ പി വിലാസങ്ങൾ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് യഥാർത്ഥ ഐ പി വിലാസം കണ്ടെത്തിയത്. തുടർന്ന് വിദേശത്തുനിന്ന് നാട്ടിലെത്തിയ പ്രതിയെ സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ഡിവൈ എസ് പി എം.ഇക്ബാലിന്റെ നേതൃത്വത്തിൽ എസ് ഐ അനീഷ് കരീം, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ഷിബു, സുനിൽകുമാർ, അരുൺകുമാർ, സിവിൽ പോലീസ് ഓഫീസർമാരായ കണ്ണൻ ബോസ്, സുബീഷ്, അനീഷ് എന്നിവർ മലപ്പുറം പോലീസിന്റെ സഹായത്തോടെ അറസ്റ്റ് ചെയ്യുകയായിരുന്നു.

പ്രതിയിൽ നിന്ന് ലാപ്ടോപ്പ്, മൊബൈൽ ഫോണുകൾ, സിംകാർഡുകൾ, ഹാർഡ് ഡിസ്ക്കുകൾ എന്നിവ കണ്ടെടുത്തു. കൂടുതൽ പെൺകുട്ടികൾ കബളിപ്പിക്കപ്പെട്ടതായി സംശയമുള്ളതിനാൽ ആ വഴിക്കും അന്വേഷണം തുടരുന്നതായി സൈബർ ക്രൈം പോലീസ് അറിയിച്ചു.

*********